പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2614 12.03.2018-ൽ മറുപടി നൽകേണ്ടത്

## ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾ ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ

ശ്രീ.എ.എം.ആരിഫ്

പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ മന്ത്രി )

(എ ) ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾ ഒന്നിച്ചുള്ള വിദ്യാലയങ്ങളിൽ ഹെഡ് മാസ്റ്ററും പ്രിൻസിപ്പാളും രണ്ടായി നേതൃത്വം വഹിക്കുന്നത് സ്കൂളിന്റെ പൊതുവായ കാര്യങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും തടസ്സമായി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എ ) ഹൈസ്കൂൾ/ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി/ വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളിൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ അഡ് മിനിസ് ട്രേഷൻ ,ഫിനാൻസ് ,അക്കാഡമിക് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഹയർസെക്കണ്ടറി പ്രിൻസിപ്പാളാണ് .ഹൈസ്കൂളുകളിലെ അഡ് മിനിസ് ട്രേഷൻ ,ഫിനാൻസ് ,അക്കാഡമിക് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരാണ് .എന്നാൽ, പി.ടി.എ.യുടെ പ്രവർത്തനങ്ങൾ നടത്തുന്നത് ഹൈസ്കൂൾ ഹെഡ്മാസ്റ്ററും , ഹയർസെക്കണ്ടറി പ്രിൻസിപ്പാളും ചേർന്നാണ്.പി.ടി.എ.യുടെ എക്സ് ഒഫീഷ്യോ സെക്രട്ടറി പ്രിൻസിപ്പാളും, എക്സ് ഒഫീഷ്യോ ഖജാൻജി ഹെഡ്മാസ്റ്ററുമാണ്.പുതുതായി അനുവദിക്കുന്ന ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് വരെ ടി സ്കൂളിലെ ഹെഡ്മാസ്റ്ററാണ് ഹയർസെക്കണ്ടറി വിഭാഗത്തിന്റെ ചുമതല കൂടി വഹിക്കേണ്ടത്.ടി അധ്യാപകർ സംയുക്തമായി പരിശ്രമിച്ചാണ് ഹൈസ്കൂളും, ഹയർസെക്കണ്ടറി വിഭാഗവും കുറ്റമറ്റ രീതിയിൽ മുന്നോട്ടുപോകുന്നത്. പ്രിൻസിപ്പൽ,ഹെഡ്മാസ്റ്റർ തസ്തികയിലുള്ളവർ തമ്മിൽ അധികാരപരിധി സംബന്ധിച്ച് തർക്കങ്ങൾ ചുരുക്കം ചില സ്കൂളുകളിലുണ്ട് .

(ബി ) ഇതിനു മാറ്റം വരുത്തി സ്കൂൾ ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

(ബി) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാവശവും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മുൻ എസ്.സി.ഇ ർ.ടി ഡയറക്ടർ ഡോ .എം.എ.ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ